**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1327      06.02.2020 ൽ മറുപടിയ്ക്ക്**

**<u>കൈവശകർഷകർക്ക് പട്ടയം</u>**

| **<u>ചോദ്യം</u>**<br>**ശ്രീ.രാജു എബ്രഹാം** | **<u>മറുപടി</u>**<br>**ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|

| | | |
|---|---|---|
| (എ) | പെരുമ്പട്ടി, പൊന്തൻപുഴ പ്രദേശങ്ങളിൽ നാലുതലമുറകളായി താമസിച്ചു വരുന്ന കൈവശകർഷകർക്ക് തങ്ങളുടെ കൈവശ ഭൂമികൾക്ക് പട്ടയം നൽകുന്നതിന് എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ)യും (സി)യും (ഡി)യും<br>പൊന്തൻപുഴ വലിയകാവ് വനഭൂമിയുടെ ജണ്ടയ്ക്ക് വെളിയിലായി വനാതിർത്തിയോട് ചേർന്ന 104.15 ഹെക്ടർ (257.35 ഏക്കർ) സ്ഥലത്ത് കുടിയേറിയിട്ടുള്ള കർഷകർക്ക് പെരുമ്പട്ടി വില്ലേജിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററിലെ ഭൂമിയുടെ തരം കാണിക്കുന്ന കോളം 5-ൽ പുറമ്പോക്ക് എന്നും ഭൂവുടമയുടെ പേര് കാണിക്കുന്ന കോളം -9-ൽ സർക്കാർ എന്നും റിമാർകസ് കോളം 10-ൽ ചിലതിൽ കൈവശക്കാരുടെ പേരു വിവരങ്ങളും മറ്റ് ചിലതിൽ റിസർവ് എന്നും രേഖപ്പെടുത്തിയിരിക്കുന്നതിനാൽ പട്ടയം അനുവദിക്കാൻ കഴിഞ്ഞിരുന്നില്ല. പത്തനംതിട്ട ജില്ലയിൽ 1/1/1977-ന് മുമ്പ് വനഭൂമി കയ്യേറി കൈവശം വച്ചുവരുന്ന ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിലേയ്ക്കായി വനം വകുപ്പുമായി ചേർന്ന നടത്തിയ സംയുക്ത പരിശോധനയിൽ വനഭൂമി കയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള 1970.04 ഹെക്ടർ ഭൂമിയുടെ വിവരങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ വനഭൂമിയാണ് എന്ന തെറ്റിദ്ധാരണയിൽ പെരുമ്പട്ടി വില്ലേജിലെ കൈവശക്കാരുടെ ഭൂമിയും ഉൾപ്പെട്ടിരുന്നുവെങ്കിലും പെരുമ്പെട്ടി വില്ലേജിലെ കൈവശക്കാരുടെ ഭൂമി വനഭൂമിക്ക് പുറത്തായി സ്ഥിതി ചെയ്യുന്നതായി 2019 ലെ വനം - റവന്യൂ വകുപ്പുകളുടെ സംയുക്ത സർവ്വെയിൽ വ്യക്തമായിട്ടുള്ളതിനാലും ടി ഭൂമി പതിറ്റാണ്ടുകളായി മനുഷ്യർ അധിവസിക്കുന്നതും 31/05/1958 ലെ F(A) 2-1089/57/AD നോട്ടിഫിക്കേഷനിൽ വിവരിക്കുന്ന വലിയകാവ് വനത്തിന്റെ അതിർത്തിക്കു പുറത്താണെന്നുള്ളതും റവന്യൂ രേഖകളിൽ സർക്കാർ പുറമ്പോക്ക് എന്ന് |
| (സി) | പട്ടയ നടപടികളിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | |
| (ഡി) | പ്രസ്തുത പ്രശ്നം പരിഹരിക്കാൻ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; എന്നത്തേക്ക് പ്രദേശവാസികൾക്ക് പട്ടയം നൽകാൻ കഴിയും; വിശദവിവരം നൽകാമോ? | |

| | | |
|---|---|---|
| | | രേഖപ്പെടുത്തിയിട്ടുള്ളതും ആകയാൽ 1.1.1977 ന് മുമ്പ് വനം ഭൂമി കൈയ്യേറിയവർക്ക് പട്ടയം അനുവദിക്കുന്നതിനു പാലിക്കേണ്ട നടപടിക്രമങ്ങൾ ഈ കാര്യത്തിൽ പ്രസക്തമല്ലാത്തതും പ്രദേശവാസികൾക്ക് പട്ടയം നൽകുന്നതിൽ അനാവശ്യമായ കാലവിളമ്പം ഉണ്ടാക്കുന്നതുമാണന്നതിനാൽ പെരുമ്പെട്ടി വില്ലേജിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററിലെ ഭൂമിയുടെ തരം കാണിക്കുന്ന കോളം 5 ൽ പുറമ്പോക്ക് എന്നും ഭൂഉടമയുടെ പേര് കാണിക്കുന്ന കോളം 9 ൽ സർക്കാർ എന്നും റിമാർക്സ് കോളം 10 ൽ ചിലതിൽ കൈവശക്കാരുടെ പേരുവിവരങ്ങളും മറ്റ് ചിലതിൽ റിസർവ്വ എന്നും രേഖപ്പെടുത്തിയിരിക്കുന്നത് തിരുത്തി പെരുമ്പെട്ടി വില്ലേജിലെ കൈവശക്കാരുടെ ഭൂമിയ്ക്ക് 1964 ഭൂമി പതിവ് ചട്ടം പ്രകാരം പട്ടയം അനുവദിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരത്തോടെ അനുമതി നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുള്ളതാണ്. |
| (ബി) | എത്രപേർക്കാണ് പട്ടയം നൽകാനുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമിയ്ക്കാണ് പട്ടയം നൽകേണ്ടത്; | (ബി) ഉദ്ദേശം 257 ഏക്കർ ഭൂമിക്ക്, 512 കുടുംബങ്ങൾക്കാണ് പട്ടയം നൽകാനുള്ളത് |

സെക്ഷൻ ഓഫീസർ